## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1239 | | 03.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ആർ.രാമചന്ദ്രൻ** | | **ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി** | |
| (എ) | സംസ്ഥാനത്തുള്ള കായലുകളിലും ജലാശയങ്ങളിലും നീർത്തടങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം പരിസ്ഥിതിയ്ക്കും ജീവജാലങ്ങൾക്കുമുണ്ടാകുന്ന നാശം സംബന്ധിച്ച് ജനങ്ങൾക്ക് ബോധവല്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2016 നവംബർ 1-ന് ബൃഹത്തായ ശുചിത്വ കാമ്പയിന് തുടക്കമിടും. പ്രസ്തുത കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ പുഴകൾ, കായലുകൾ, തണ്ണീർതടങ്ങൾ എന്നിവയെ മലിനീകരണത്തിൽ നിന്നും സംരക്ഷിച്ച് പരിസ്ഥിതി നാശം ഒഴിവാക്കേണ്ടതിന്റെ പ്രധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്ക് നിലവിലെ നിയമപ്രകാരം ലഭിക്കാവുന്ന ശിക്ഷകൾ വിശദീകരിക്കുമോ; | (ബി) | കേരള പഞ്ചായത്ത് രാജ് ആക്ട് 219 യു പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തി ലൂടെയോ കടത്തി കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ആധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇട്ടുവിക്കുകയോ ചെയ്യുന്നവർക്കെതിരെ തൽസമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്തിയ പിഴത്തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടക്കാത്തപക്ഷം അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340(എ) പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമാണ്. കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ |

| | | | |
|---|---|---|---|
| | | | 10000 രൂപയിൽ കുറയാതെയും 25000 രൂപയിൽ കവിയാതെയുമുള്ള പിഴയും, ആറുമാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും ശിക്ഷ ലഭിക്കാവുന്നതാണ്. |
| (സി) | സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ച് വരുന്നത്;-<br>1. വീടുകളിൽ ജൈവമാലിന്യം കമ്പോസ്റ്റിംങ്/ബയോഗ്യാസ് പ്ലാന്റ്<br>2. സ്ഥാപന-സാമൂഹ്യതലങ്ങളിൽ ജൈവമാലിന്യം കമ്പോസ്റ്റിങ്, ബയോ മെതനേഷൻ.<br>3. അജൈവ മാലിന്യ ശേഖരണവും പുനഃചംക്രമണത്തിന് കൈമാറലും.<br>4. അജൈവ മാലിന്യം സംഭരിച്ച് തരംതിരിച്ച് താത്കാലികമായി സൂക്ഷിക്കുന്നതിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ.<br>5. റീസൈക്ലീങ് വ്യവസായങ്ങൾക്ക് പ്രോത്സാഹനം.<br>6. എല്ലാ കുടുംബങ്ങൾക്കും സുരക്ഷിത കക്കൂസ് സൗകര്യം, കമ്യൂണിറ്റി ടോയ്‌ലറ്റ് സൗകര്യം<br>7. പബ്ളിക് ടോയ്‌ലറ്റ്<br>8. സെപ്റ്റേജ് മാനേജ് ചെയ്യുന്നതിനുള്ള വികേന്ദ്രീകൃത പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.<br>9. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാവുന്ന മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പരിമിതിയുണ്ടെന്നിരിക്കെ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളുകൾ, ചന്തകൾ, അറവുശാലകൾ, ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് 30.06.206 ലെ സ.ഉ(സാധാ) നം.2037/2016/തസ്വഭവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ജന പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ 'ഹരിത കേരളം' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17)-ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2037/2016/തസ്വഭവ തീയതി, തിരുവനന്തപുരം 30.06.2016.

പരാമർശം :-1) സ.ഉ(എം.എസ്)നം.362/2013/തസ്വഭവ തിയതി 16.11.2013.
2) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തിയതി 11.01.2016.
3) 22.06.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.1 മുതൽ 3.15 വരെയും, 3.18, 3.19, 3.20, 3.22, 3.23 എന്നീ നമ്പർ തീരുമാനങ്ങൾ.

## ഉത്തരവ്

പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പാദന മേഖലയ്ക്കും 10% തുക മാലിന്യസംസ്കരണത്തിനുമായി വകയിരുത്തേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഡി.പി.സി അംഗീകാരത്തിന് 2016 ജൂലൈ 15 വരെ സമയം അനുവദിച്ച് നൽകുന്നു.

3. ഈ സാമ്പത്തിക വർഷം പദ്ധതി രൂപീകരണത്തിന് വർക്കിംഗ് കമ്മിറ്റി രൂപീകരണം, പ്രോജക്ട് വെറ്റിംഗ്, ഗ്രാമസഭ, അയൽസഭ ഇവയുടെ തീരുമാനം എന്നീ കാര്യങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2015-2016) നിലനിന്നിരുന്ന നടപടിക്രമങ്ങൾ തുടരാവുന്നതാണ്.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5% തുക വികലാംഗർക്കും കുട്ടികൾക്കുമായും വകയിരുത്തേണ്ടതാണ്.

5. നെൽവിത്ത് സബ്സിഡി ഭൂവിസ്തൃതി കണക്കാക്കാതെ എല്ലാ കർഷകർക്കും (പാട്ടകൃഷിക്കാർ ഉൾപ്പെടെ) 100% മായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ച് കൂലി ചെലവ് സബ്സിഡി പാട്ടകൃഷിക്കാർക്കും നൽകേണ്ടതാണ്.

   പച്ചക്കറി കൃഷിയുടെ സബ്സിഡി 1 ഹെക്ടർ (2 ½ ഏക്കർ) വരെ കൃഷി ചെയ്യുന്ന കർഷകർക്കും നൽകാവുന്നതാണ്. സംഘമായി ചേർന്ന് കൃഷി ചെയ്യുന്നതിന് ഭൂവിസ്തൃതി കണക്കാക്കാതെ സബ്സിഡി നൽകാവുന്നതാണ്.

6. പരിശീലനം ലഭിച്ച ആളുകൾ ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാർഷിക കർമ്മ സേനയുടെ രൂപീകരണത്തിന് യഥേഷ്ടാനുമതി നൽകുന്നു.

7. വനിതകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് യോഗപരിശീലനത്തിന് ആയുഷുമായി സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്.

8. ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.പി, യു.പി സ്കൂളുകളുടെ Infrastructure Development നായി ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് വിനിയോഗം നടത്തുന്നതിന് അനുമതി നൽകുന്നു.

9. സ്വന്തമായി വരുമാനം ഇല്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിധവകൾക്ക്, നിലവിൽ വിധവകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകുന്നു.

10. പട്ടികജാതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സബ്സിഡി നിരക്കുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി രണ്ട് വകുപ്പുകളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ് ഈ രണ്ട് വകുപ്പുകളും ഗ്രാമസഭ/വാർഡുസഭ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

11. ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടുകൾ വഴി നൽകേണ്ടതാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും ശുചിത്വ മിഷൻ സാക്ഷ്യപ്പെടുത്തിയതുമായ സ്ഥാപനങ്ങളോ, വ്യക്തികളോ ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്.

12. കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ ജൈവ കീടനാശിനികൾക്ക് മാത്രമേ സബ്സിഡി നൽകാവൂ.

13. മൂലധന ആസ്തികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളെ 10 വർഷങ്ങൾക്ക് ശേഷം ധനസഹായം നൽകുന്നതിന് വീണ്ടും പരിഗണിക്കാവുന്നതാണ്. എന്നാൽ ആവർത്തന ചെലവുകൾക്ക് സമയ പരിധി ബാധകമല്ല.

14. മിൽമയുടെ പാൽ സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാൽ ഉല്പാദനത്തിന് ആനുപാതികമായി നൽകുന്ന സബ്സിഡി പരിധി നിലവിലുള്ള 10,000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിക്കുന്നു. ഇൻഷുർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീര കർഷകർക്ക് പാൽ ഉല്പാദനത്തിന് ആനുപാതികമായി, മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റിന്റെഅടിസ്ഥാനത്തിൽ പരമാവധി 10,000/- രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകാവുന്നതാണ്.

15. സർക്കാർ എൽ.പി, യു.പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു.

16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് നൽകി വരുന്ന തുക യഥാക്രമം 40%, 40%, 20% എന്നിങ്ങനെ മൂന്നു ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകുന്നു.

17. എസ്.സി വിഭാഗത്തിന് വീട് വയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ 5 പ്രതിനിധികളും, എസ്.സി വാർഡ് മെമ്പറും അടങ്ങിയ ഒരു സമിതിയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്.

18. എസ്.സി വിഭാഗത്തിന്റെ വിവാഹ ധനസഹായം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കും നൽകാവുന്നതാണ്.

19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകളിൽ നിർബന്ധമായും 10% എങ്കിലും പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണ്. ഇതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിക്കേണ്ടതാണ്.

20. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗ്രാമസഭ/വാർഡു സഭകളുടെ അംഗീകാരം നേടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം .
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
ഡയറക്ടർ, കൃഷി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
പട്ടികജാതി വികസന വകുപ്പ്, സെക്രട്ടറിയുടെ പി.എ.യ്ക്ക്.
പട്ടിക വർഗ്ഗ വികസന വകുപ്പ്, സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.